# Influence of Self and Physique on Mobility

## Study Material – PKD District.

കാലങ്ങളായി പെണ്ണിന്റെ നേരം പകൽ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു..പകൽ പോലും അവൾ സുരക്ഷിതയല്ല. പാതിയവകാശത്തിനുടമാവകാശം തത്വത്തിൽ അംഗീകരിച്ചു കിട്ടിയെങ്കിലും ഭൂമിയിലെ സഞ്ചാരസ്വാതന്ത്ര്യത്തിനു വേി ഇന്നും അവൾ കലഹിക്കേിയിരിക്കുന്നു. അവർ സമൂഹത്തിന്റെ അരികു പറ്റി ജീവിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നവരാണ്. മുഖം മറച്ചും തലമറച്ചും നടക്കുന്നവർ യഥേഷ്ടമാണ്. തുണയാളുകൾ എന്ന പേരിൽ അല്ലെങ്കിലും നഗരത്തിലും നാട്ടിൻപുറത്തും യാത്ര ചെയ്യാൻ കൂട്ട് വേണം. അവളുടെ ഒറ്റക്കുള്ള യാത്ര സമൂഹം അശ്ലീലമായിക്കരുതുന്നു. യാത്രയിൽ ഒരാണിന്റെ സാന്നദ്ധ്യം സുരക്ഷ ഉറപ്പ് വരുത്തുന്നു എന്ന ധാരണയിലാളവൾ. അവൾ പ്രത്യക്ഷപ്പെടുന്ന ഏത് സാഹചര്യത്തെയും പുരുഷാധിപത്യ ലോകം വായിച്ചെടുക്കുന്നത് പെൺ ശരീരം മാത്രമായിട്ടാണ്. ഓരോ യാത്രക്കും പുരഷാധിപത്യ ലോകത്തിന്റെ അംഗീകാരം ആവശ്യമു്. രാത്രിയുടെ സ്വഭാവം ഇരുട്ടും നിഗൂഡതയും നിറഞ്ഞതാണ്. രാത്രി സ്വതന്ത്ര യാത്ര ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് വേഷ പ്രചന്നരായി ദുർഘടം പിടിച്ച സാഹചര്യങ്ങളെ നേരിടേി വരുന്നു. പുരഷനാൽ നിയന്ത്രിക്കുന്ന യാത്രകളൊഴിച്ചുള്ളതിന് അനാശാസ്യം എന്ന ഏക ഉദ്ദേശം മാത്രമേ സ്ത്രീകളടക്കമുള്ള പുരുഷ മേൽക്കോയ്മയുള്ള സമൂഹത്തിന് ചിന്തിക്കാനും പ്രകടിപ്പിക്കാനും കഴിയൂ. (സമൂഹത്തിനേയും അടുത്തുള്ളവരെയും പേടിക്കണം.). പ്രായം വളരെ കൂടുന്നതോടെ ചാരിത്രം കന്യകാത്വം തുടങ്ങിയ സംഗതികളെക്കുറിച്ച് സ്ത്രീകൾ വേവലാതി കൊള്ളേതില്ലെന്നു കരുതുന്നുവെങ്കിൽ തെറ്റി. പ്രായക്കൂടുതൽ ആനുകൂല്ല്യങ്ങൾ ഒന്നും തന്നെ നല്കുന്നില്ല. സാമ്പത്തിക സുരക്ഷിതത്വത്തിന്റെ പേരിൽ വെയക്തിക സുരക്ഷിതത്വം അപകടത്തിലാക്കി രാപ്പകൽ ഭേദമില്ലാതെ സ്ത്രീകൾക്ക് യാത്ര ചെയ്യേി വരുന്നു എന്നത് ഒരു സാമൂഹിക യാഥാർത്യമാണ്. മലയാളിയെ മലയാളിയാക്കുന്ന ഒന്നാണ് തുറിച്ചു നോട്ടം നൂറ് തെറികളേക്കാൾ ശക്തമാണ് അത്. നടന്നു പോകുന്ന ദൂരത്തിനുള്ളിൽ ഭീകരമായി തുറിച്ച് നോട്ടങ്ങൾ സ്ത്രീകൾ നേരിടേതു ്. വാഹനത്തിന്റെ വേഗം കൊ് തുറിച്ച് നോട്ടത്തെ മറികടക്കാമെന്ന് അവൾ കരുതുന്നു. വാഹനം മാത്രമല്ല മൊബൈൽ തുടങ്ങി സാങ്കേതിക വിദ്യകൾ യാത്രകളെ ജാഗ്രത്താക്കുന്നു്. പണം അധികാരം എന്നിവ വാഹനം പോലെയും സാങ്കേതിക വിദ്യ എന്ന പോലെയും സ്വാതന്ത്യത്തിലേക്കുള്ള വഴിയാണെങ്കിലും അത് സ്ത്രീയുടെ യാത്രയുടെ യഥാർത്ഥ സ്വാതന്ത്യം നൽകുന്നുാേ.?

സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്ന ഘടകങ്ങൾ ഭാഷയിലുമു്. ‘സ്വൈര്യം ചരതി ഇതി സ്വൈരണി’, തനിച്ചു സഞ്ചരിക്കുന്നവൾ സ്വൈര സഞ്ചാരിണി. രിനും അർത്ഥം വേശ്യ എന്നാണ്. പെൺയാത്രയെ വിവേചനപരമായി നോക്കി കാണുന്ന ഭാഷയുടെ സ്ത്രീ വിരുദ്ധമായ സമീപനമാണ് ഇവിടെ കാണുന്നത്. യാത്രകൾ ഉദ്ദേശങ്ങളുള്ളതാണ്. അതു തുടങ്ങുന്നിടത്തു തന്നെ അവസാനിക്കുന്നു .

പലപ്പോഴും എന്നതു കൊ് വർത്തുളവുമാണ്. ആൺ യാത്രകൾ കൂടുതൽ പരിധിയുള്ള വൃത്തമായി മാറുന്നു. പെണ്ണിന്റെ രാത്രി യാത്ര ഇപ്പോഴും അടഞ്ഞു തന്നെ തുടരുന്നു. സ്ത്രീ വിമോചനാശയങ്ങൾ മാറ്റങ്ങൾക്ക് വഴിയാകുന്നുങ്കിലും രാം കിട പൗരത്വം സ്വയം സമ്മതിച്ചോ സമൂഹത്താൽ കൽപ്പിക്കപ്പെട്ടോ ഭരണഘടനാ അവകാശങ്ങളിൽ ഒന്നായ സഞ്ചാര സ്വാതന്ത്ര്യം സ്ത്രീകൾ അൽപ്പമായി മാത്രമേ ഉപയോഗിക്കുന്നുള്ളു. പ്രാണ ഭയത്തേക്കാളേറെ തന്റെ സദാചാരത്തെ സംശയിക്കുമോ എന്ന ഭയമാണ് രാത്രിയാത്രയിൽ നിന്നും സ്ത്രീകളെ പിന്തിരിപ്പിക്കുന്നത്.